# അവിണിശ്ശേരി സി ഡി എസ് കോവിഡ്  അവലോകനം

- ആമുഖം

തൃശ്ശൂർ നഗരത്തിനോട് ചേർന്ന് തെക്ക് ഭാഗത്ത് സ്ഥിതിചെയ്യുന്നു അവിണിശ്ശേരി ഗ്രാമ പഞ്ചായത്ത്. 1974 ഏപ്രിൽ 1 നാണ് പഞ്ചായത്ത് നിലവിൽ വന്നത്. പാറളം പഞ്ചായത്തിലെ പാലിശ്ശേരി വില്ലേജും വല്ലച്ചിറ പഞ്ചായത്തിലെ അവിണിശ്ശേരി വില്ലേജും സംയോജിപ്പിച്ചാണ് അവിണിശ്ശേരി പഞ്ചായത്ത് രൂപവത്കരിച്ചത്.

ശേരി' അഥവാ 'ചേരി' കളാൽ ചുറ്റപ്പെട്ടു കിടക്കുന്ന പ്രദേശമെന്ന അർത്ഥത്തിലാണ് ഈ പ്രദേശത്തിന്ന് അവിണിശ്ശേരി എന്ന പേര് ലഭിച്ചത്.

1998 മേയ് 17-ന് അന്നത്തെ പ്രധാനമന്ത്രിയായിരുന്ന അടൽ ബിഹാരി വാജ്പേയി മലപ്പുറത്ത് കുടുംബശ്രീ പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം നിർവ്വഹിച്ചു. സംസ്ഥാനത്തെ കേവലദാരിദ്ര്യം പത്തുവർഷക്കാലം കൊണ്ട് പൂർണ്ണമായി ഇല്ലായ്മ ചെയ്യുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ നായനാർ സർക്കാർ ആവിഷ്ക്കരിച്ച പദ്ധതിയാണ് കുടുംബശ്രീ .

ദാരിദ്ര ലഘൂകരണത്തിനുള്ള സമ്പാദ്യ വായ്പാ പദ്ധതികളും സ്വയംതൊഴിൽ സംരംഭങ്ങളുമായി തുടക്കം കുറിച്ച കുടുംബശ്രീ ഭാവനാപൂർണമായ വിപുലീകരണത്തിലൂടെയും വൈവിധ്യവൽക്കരണത്തിലൂടെയും ഇന്ന് സ്ത്രീജീവിതത്തിന്റെ സർവമണ്ഡലങ്ങളെയും സ്പർശിക്കുന്ന ജനകീയ പ്രസ്ഥാനമായി വളർന്നു പടർന്നിരിക്കുന്നു.

കോവിഡ്-19 ആഗോളതലത്തിലുണ്ടാക്കിയ അനിശ്ചിതത്വത്തിനും അസ്വസ്ഥതയ്ക്കും നടുവിൽ, കൊച്ചുകേരളം ഈ മഹാമാരിയെ കൈകാര്യംചെയ്ത രീതി  അഭിനന്ദനങ്ങൾ അർഹിക്കുന്നത് ആണ്.  കോവിഡ് നേരിടുന്നതിൽ കേരളം കാണിച്ച ശ്രദ്ധേയമായ കാര്യക്ഷമത ശാസ്ത്രീയവും സാമൂഹികവുമായ കാഴ്ചപ്പാടിലൂടെ പകർച്ചവ്യാധിയെ നേരിടാൻ കുടുംബശ്രീയും ഗവണ്മെന്റ് ന്നു താങ്ങായിരുന്നു.

അവിണിശ്ശേരി സി ഡി എസ് ഈ കോവിഡ് കാലത്ത് ജനങ്ങളുടെ പ്രശ്നങ്ങളെ കണ്ടെത്താനും പരിഹാരം കണ്ടെത്താനും മഹാമാരിയെ സമൂഹത്തിൽ നിന്നും തുടച്ചു മാറ്റണം എന്ന ലക്ഷ്യ ത്തോടെയും ഓരോരുത്തരുടെയും വിളിപ്പുറത്തു ഒരു കൂട്ടുകാരിയായി ഉണ്ടായിരുന്നു. സി ഡി എസ് ന്റെകോവിഡ് കാല  പ്രവർത്തനത്തിലൂടെ ഒന്നു കടന്നു പോകാം. കമ്മ്യൂണിറ്റി കിച്ചൻ , ജനകീയ ഹോട്ടൽ,  വയോജനങ്ങളുടെയും പ്രത്യേക ശ്രദ്ധ ആവശ്യമുള്ളവരുടെയും പരിരക്ഷ, മാസ്ക്, സാനിറ്റൈസർ നിർമ്മാണം, കൗൺസിലിംഗ് പിന്തുണ തുടങ്ങി നിർണായകമായ നിരവധി

സേവനങ്ങൾക്ക് അവർ ചുക്കാൻ പിടിക്കുന്നു. പ്രളയകാലങ്ങളിലും നിസ്തുലമായ സേവനമാണ് അവർ നിർവഹിച്ചത്. ഇത്തരം ഘട്ടങ്ങളിൽ സർക്കാർ ആവിഷ്കരിക്കുന്ന ജനക്ഷേമപദ്ധതികൾ സാധാരണക്കാർക്കിടയിൽ ഫലപ്രദമായി നടപ്പിലാക്കാൻ കുടുംബശ്രീ നൽകുന്ന സഹായം വളരെ വലുതാണ്. മണിശ്ശേരി സീരിയലിൽ 110 അയൽക്കൂട്ടങ്ങൾ ആണുള്ളത് 14 വയോജന അയൽക്കൂട്ടങ്ങളും 30 ജെ എൽ ജി യുണിറ്റ് കളും ഉണ്ട്.

- കോവിഡ് കാലത്ത് സി.ഡി.എസിന്റെ നേതൃത്വത്തിൽ ചെയ്ത പ്രവർത്തനങ്ങൾ

<u>ത്രിതല സംഘടനാ ചലിപ്പിച്ചത്</u>

സി ഡി എസ്, എ ഡി എസ്, അയൽക്കൂട്ട തലത്തിൽ വാട്സ്ആപ്പ് ഗ്രൂപ് കൾ വഴിയാണ് എല്ലാ അറിയിപ്പുകൾ കൊടുത്തു.മീറ്റിംഗുകൾ കൂടാൻ പറ്റാത്ത ഈ സാഹചര്യത്തിലും എല്ലാ വർക്കുകൾ സ്മാർട്ട് ഫോണുകൾ വഴി വാട്സ്ആപ്പ് വഴി നടന്നു പോകുന്നു. സി ഡി എസ് മെംബേർസ്, എ എസ്, BC ഉൾപ്പെടിത്തിയ ഒരു ഗ്രൂപ്പ് ഉം, ഓരോ വാർഡിൽ നിന്നും 7ads മെംബേർസ് നെ ഉൾപ്പെടുത്തിയ ഒരു ഗ്രൂപ്പ് um, എല്ലാ വാർഡിലും ഓരോ അയൽക്കൂട്ട സെക്രട്ടറി യെയും പ്രസിഡന്റ് നെയും ഉൾപ്പെടുത്തി ഗ്രൂപ്പ് ഉം, എല്ലാ അയൽക്കൂട്ടത്തിനും ഗ്രൂപ്പ്

രൂപീകരിക്കുകയും ചെയ്തു. ഈ ഗ്രൂപ്പിലൂടെ സംഘടന യും ആയി ബന്ധപ്പെട്ടതും ബാങ്കിന്റെയും കോവിഡ് പ്രതിരോധ പ്രവർത്തനത്തിന്റെയും മുന്നറിയിപ്പുകളും വ്യക്തമായി അയൽക്കൂട്ട അംഗങ്ങളിൽ എത്തിക്കാൻ കഴിഞ്ഞു. ഇതിലൂടെ ലോക്ക് ഡൗൺ സമയത്തും ത്രിതല സംവിധാനം ചലിപ്പിക്കാൻ സാധിച്ചു.

: കമ്മ്യൂണിറ്റി കിച്ചൻ കാര്യത്തിലും സി ഡി എസ്  ഒരു മികച്ച പ്രവർത്തനമാണ് കാഴ്ചവെച്ചത്.



സിഡിഎസ് ചെയർപേഴ്സൺന്റെ
നേതൃത്വത്തിൽ  അടുത്തുള്ള സ്കൂളിൽ സി ഡി
എസ് മെമ്പേഴ്സിന്റെ  സഹായത്തോടുകൂടി
തന്നെ മാർച്ച്  30-ന് ആരംഭിച്  മെയ് 4 വരെ
കമ്മ്യൂണിറ്റി കിച്ചൺ തുടർന്നു കൊണ്ടു പോയി.
ഓരോ വാർഡിൽ നിന്നും ഓരോ ആൾക്കൂട്ടത്തിൽ
നിന്നും ആവശ്യമായ സാധനങ്ങൾ എത്തിച്ചു



കൊടുക്കാനും മുന്നോട്ടുവന്നു മാത്രമല്ല നേതൃത്വത്തിൽ കണ്ടെത്തി.

ചെയർപേഴ്സൺ ന്റെ നേതൃത്വത്തിൽ സ്പോൺസർഷിപ്പ് കണ്ടെത്തി ഓരോദിവസവും ഒറ്റപ്പെട്ട വർക്ക് അവർക്കൊരു താങ്ങായി കുടുംബശ്രീ നിലകൊണ്ടു. ജെ എൽ ജി യൂണിറ്റുകളും അവരവർക്ക് തന്നാലാവുന്നതന്നു അവർ കുടുംബശ്രീ ക്കു ഒപ്പം നിന്നു. 235 കിലോ



യൂണിറ്റുകളിൽ നിന്നും പച്ചക്കറി കൾ എത്തിയത്. കോവിഡ് പ്രോട്ടോകോൾ അനുസരിച്ച് തന്നെയായിരുന്നു ഓരോ ദിവസവും മുന്നോട്ടുപോയ കൊണ്ടിരുന്നത്.



ഏകദേശം മുപ്പതോളം ഫുഡ് ആണ് ഓരോ ദിവസവും നിർധനരായ അവർക്ക് വേണ്ടി എത്തിക്കാൻ സാധിച്ചത്.

ലോക്ക് ഗൗൺ സമയത്ത് ഗർഭിണികൾക്കും 60 വയസ്സിന് മുകളിൽ ഉള്ളവർക്ക് വേണ്ടി സാനിറ്റിസെർ സി ഡി എസ്സിൽ തന്നെ ഉൽപ്പാദിപ്പിച്ച് എത്തിക്കാനും മാസ്ക് കള്

സൗജന്യമായി പൊതുജനങ്ങളിൽ എത്തിക്കാനും സാധിച്ചു. മരുന്ന് കിട്ടാതെ ബുദ്ധിമുട്ടുന്ന സാമ്പത്തികമായി പിന്നോട്ട് നിൽക്കുന്ന വ്യക്തികളെ കണ്ടെത്തി അവർക്ക് മരുന്നുകൾ വാങ്ങിച്ച് എത്തിച്ചു കൊടുക്കാനും സി ഡി എസിന് സാധിച്ചിട്ടുണ്ട്. വയോജനങ്ങൾക്കായി അവരുടെ അനുഭവങ്ങളും കഥകളും കവിതകളും വാട്സാപ്പിലൂടെ പേടിക്കുകയും അവരെ വിളിച്ച് സുഖവിവരങ്ങൾ അന്വേഷിക്കുകയും ചെയ്യാൻ ചെയ്യാനും സിഡിഎസ് മെമ്പേഴ്സ് സമയം കണ്ടെത്തി.

കുട്ടികളിലും മുതിർന്ന വരിലും ഉള്ള കലാവാസന കണ്ടെത്താൻ പാചകമത്സരംഗങ്ങൾ, കരകൗശലവസ്തുക്കൾ നിർമാണം,

കൃഷി,കവിതകൾ,കഥകൾ,ഇതൊക്കെഅവരിലെ ലോക്ക് ഡൗൺ വിരസത മാറ്റാൻ സാധിച്ചു.



കുട്ടികളുടെ കലാ വാസനകളെ പരിപോഷിപ്പിക്കുന്നതിന് വേണ്ടി ജില്ലാ മിഷനിൽ നിന്നുള്ള മത്സരങ്ങളിലും കുട്ടികളെ പങ്കെടുപ്പിക്കാനും സർഗാത്മകമായ കഴിവുകൾ പ്രോത്സാഹിപ്പിക്കാനും സാധിച്ചു. ലോക ഡൗൺ സമയത്ത് മുഖ്യമന്ത്രി പ്രഖ്യാപിച്ച സിഎംഎസ് എച് എൽ എസ് ലോൺ സ്കീം 97

**അയൽക്കൂട്ടങ്ങളിൽ ഫോം എത്തിക്കുകയും പൂരിപ്പിച്ചു ബാങ്കുകളിൽ എത്തിക്കാനും സാധിച്ചിട്ടുണ്ട്. ഇതിൽ 54 എണ്ണം പാസാക്കാൻ സാധിച്ചിട്ടുണ്ട്. തുടർന്നുള്ള ദിവസങ്ങളിൽ എല്ലാ ഫോമുകളും പാസാക്കാനുള്ള നടപടികളും സ്വീകരിച്ചു.**

- വിവിധ വകുപ്പുകളുമായി ചേർന്നുള്ള പ്രവർത്തനങ്ങൾ

**ആരോഗ്യ പ്രവർത്തകരുമായി ചേർന്ന് ഓരോ വീടുകളിൽ ചെന്ന് അവരുടെ അടുത്ത്കോവിഡ് മായും ബന്ധപ്പെട്ട് പ്രതിരോധ പ്രവർത്തനങ്ങളും മുൻകരുതലുകളും വിശദീകരിക്കാനും മാസ്ക് ധരിക്കേണ്ട ആവശ്യകതയെപ്പറ്റിയും അത് ഉപയോഗിക്കേണ്ട രീതിയുംസാനിറ്റൈസർ ഉപയോഗിക്കേണ്ടത് വിശദീകരിച്ചു കൊടുക്കാനും, 60 വയസ്സിന് മുകളിൽ ഉള്ളവരും പത്ത് വയസ്സിന് താഴെയുള്ള കുട്ടികൾക്കും വീട്ടിൽ ഇരിക്കാനും, പനി തുടങ്ങിയ ലക്ഷണങ്ങൾ ഉള്ളവരെ ആശുപത്രിയിലെ ആശുപത്രിയുമായി പോകേണ്ട നിർദ്ദേശങ്ങളും കൊടുക്കുവാൻ സാധിച്ചിട്ടുണ്ട്.പഞ്ചായത്ത് ആയും കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്ത്തിലും കോവിഡ് പ്രതിരോധപ്രവർത്തനത്തിലും സഹകരിച്ചു.**

- **കോവിഡ് കാലത്ത് കുടുംബശ്രീ ഭാവി പ്രവർത്തനങ്ങൾ എങ്ങനെ ആവണം**

**വാട്സ്ആപ്പ് ഗ്രൂപ്പ് ഈ കാലത്താണ് രൂപീകരിച്ചത്. അതുതന്നെ ഒരു ആശയവിനിമയത്തിന് വളരെയധികം സഹായിച്ചു**

തുടർന്നും ഗ്രൂപ്പുകൾ  ആക്ടീവായി കൊണ്ടുപോകുന്നതിന് തീരുമാനിച്ചു.  സമ്പാദ്യം അടയ്ക്കുക എന്നതും ലോൺ അടയ്ക്കുക എന്നതും ഈ സമയത്ത് ഒരു വെല്ലുവിളി തന്നെയായിരുന്നു. ഡിജിറ്റലൈസേഷൻ ഭാഗമായി ഓരോ അയൽക്കൂട്ടവും നെറ്റ് ബാങ്കിംഗ് പ്രാധാന്യം മനസ്സിലാക്കുകയുംനെറ്റ് ബാങ്കിംഗ് പരിശീലനം നടത്താൻ തീരുമാനിക്കുകയും ചെയ്തു.

എല്ലാ അയൽ ക്കൂട്ട അംഗങ്ങളും അവരുടെ വീട്ടിൽ നിർബന്ധം ആയും ഒരു അടുക്കളത്തോട്ടം ഉണ്ടാക്കാൻ ആയിട്ട് നിർദ്ദേശം കൊടുത്തു.  പ്രളയം, നിപ്പ, കോവിഡ്  തുടങ്ങിയവ  മൂലം ഒരുപാട് സാധാരണ വ്യക്തികളാണ് സാമ്പത്തിക ബുദ്ധിമുട്ടിൽ ആകുന്നത് കണ്ണിൽപ്പെട്ടു. ഇതിൻറെ ഭാഗമായി ഓരോരുത്തരും അവരുടെ  സമ്പാദ്യം നാളെ ഒരു കരുതലായി സൂക്ഷിക്കാൻ ബോധവാന്മാരാക്കാൻ ആയിട്ട് തീരുമാനിച്ചു.  സ്മാർട്ട്ഫോൺ ഉള്ള സിഡിഎസ് അംഗങ്ങളെ തന്നെ ആദ്യം നെറ്റ് ബാങ്കിംഗ് പരിശീലിപ്പിക്കാനും അതിൻറെ ഗുണങ്ങളെക്കുറിച്ച് ബോധവാന്മാരാക്കാൻ ഉം തുടർന്ന് അയൽക്കൂട്ട അംഗങ്ങളെയുംനെറ്റ്  ബാങ്കിംഗ് സംവിധാനത്തിലേക്ക് കൊണ്ടുവരാനും ഇതൊരു അവസരമായി കാണുന്നു.

- പ്രത്യേക ഇടപെടലുകൾ

ക്യാൻസർ തുടങ്ങിയ മാരകമായ അസുഖങ്ങൾ ഉള്ളവരെ വാർഡിൽ നിന്നും കണ്ടെത്തിഅവർക്ക് മാസ്ക് കളും മറ്റും വിതരണം ചെയ്തിരുന്നു.  വാർഡിൽ ഉള്ള നിർദ്ധനരായ അയൽക്കൂട്ട അംഗങ്ങളെ കണ്ടെത്തി അവർക്ക് സ്പോൺസർഷിപ്പുവഴി 160 കിറ്റുകൾ പച്ചക്കറിയും പലവ്യഞ്ജന  സാധനങ്ങളും എത്തിക്കാനായി സി ഡി എസ് നു സാധിച്ചു.  മരുന്നുകൾ ആവശ്യമുള്ളവർക്ക് മരുന്നുകൾ എത്തിച്ചു കൊടുക്കാനും കഴിഞ്ഞിട്ടുണ്ട്.  വിദേശത്തുനിന്നു അന്യസംസ്ഥാനത്തു നിന്ന് വരുന്നവർക്ക് വേണ്ടി ക്വാറന്റൈൻ

കേന്ദ്രം ഒരുക്കാനുസി ഡി എസ് ലെ സഹായം ഉണ്ടായിരുന്നു. ചേർ പേഴ്സൺ തൻറെ ഓണറേറിയം തന്നെ സി എം ഡി ആർ എഫ് ലേക്ക് നൽകിസാമൂഹ്യ സേവനത്തിനു ഒരു മാതൃകയായി.



കോവിഡ് 19 എതിരെയുള്ള പ്രവർത്തനത്തിൽ ഗവൺമെൻറ്നു  ഒപ്പം നിൽക്കാൻ സാധിച്ചത് കുടുംബശ്രീ എന്ന ഈ വലിയ പ്രസ്ഥാനത്തിൽ വന്നതുകൊണ്ട് തന്നെയാണെന്ന് ഞങ്ങളോരോരുത്തരും വിശ്വസിക്കുന്നു.  സ്ത്രീയെന്നത് കൊണ്ട് വീട്ടുജോലികൾ ചെയ്യാനും  വീട്ടിൽതന്നെ ഇരിക്കുക എന്നതിലും അപ്പുറം പ്രളയത്തിലും കോവിഡ് കാലത്തും  ഞങ്ങൾക്കും പലതും ചെയ്യാനാവും എന്നും സാമൂഹിക ജീവി എന്ന രീതിയിൽ തൻറെ കടമകളും  നിർവഹിക്കാൻ താൻ പ്രാപ്തിയുള്ള വളാണ് എന്നും ഞങ്ങളെ  ഓർമിപ്പിക്കുന്നത് കുടുംബശ്രീ തന്നെയാണ്. സാമ്പത്തികമായി ഉയർന്നു നിൽക്കുന്നവരെല്ലെങ്കിലും തൊട്ടടുത്ത് താമസിക്കുന്നവരുടെ വേദനകളും വിഷമങ്ങളും മനസ്സിലാക്കുവാനും അവരെ സഹായിക്കുവാനുംഇന്ന് അയൽ കൂട്ടം ഉണ്ട് അതിലെ അംഗങ്ങൾ ഉണ്ട്.   ഇനിയും എന്ത് മഹാമാരി വന്നാലും പ്രളയം വന്നാലും ഈ സമൂഹത്തിന് ഒപ്പം ഗവണ്മെന്റ് നു ഒപ്പം കുടുംബശ്രീ ഉണ്ടാകും. പ്രളയത്തിലും കോവിഡ് കാലഘട്ടത്തിലും കുടുംബശ്രീയുടെ ഒപ്പം നിന്ന നല്ലവരായ എല്ലാ വ്യക്തികളെയും ഓർമിച്ചു കൊണ്ട് നിർത്തുന്നു.

വിശ്വസ്തയോടെ

വ ജി വനജകുമാരി

സിഡിഎസ് ചെയർപേഴ്സൺ

അവിണിശ്ശേരി

9961608242

ഗ്രീഷ്മ കെ  കെ

ഓർഗനൈസേഷൻ ബ്ലോക്ക് കോഓർഡിനേറ്റർ

ചേർപ്പ് ബ്ലോക്ക്

9496373634